## കെട്ടിട നികുതി നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങൾ

6 (*303) ശ്രീ. എൻ. രാജൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) കെട്ടിട നികുതി നിശ്ചയിക്കുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ; ഈ ഘടനയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) കെട്ടിട നികുതി പരിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച്, കെട്ടിടത്തിനും അതിനോടനുബന്ധിച്ചുള്ള സ്ഥലത്തിനും ചേർത്താണ് നികുതി നിശ്ചയിക്കുന്നത്. കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം, കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ തരം, ഉപയോഗ രീതി തുടങ്ങിയവ കണക്കിലെടുത്ത് കെട്ടിടത്തിന്റെയും അതിനോട് ചേർന്ന ഭൂമിയുടെയും വാർഷിക മൂല്യം കണക്കാക്കുകയും, സംരക്ഷണ ചെലവ് കുറച്ച് അതിന്മേൽ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള പരിധിക്ക് വിധേയമായി നഗരസഭാ കൗൺസിൽ/പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ച പൊതുനിരക്കിൽ കെട്ടിടത്തിന്റെ വസ്തുനികുതി തിട്ടപ്പെടുത്തുകയും ചെയ്യുന്നതാണ് ഇപ്പോഴത്തെ രീതി. വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ വാർഷിക മൂല്യത്തിൽ അതിന്റെ 25 ശതമാനം കൂടി ചേർത്ത് നികുതി ചുമത്താവുന്നതാണ്. പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പഞ്ചായത്ത്/നഗരപ്രദേശങ്ങളെ പ്രധാനമേഖല യെന്നും രണ്ടാം മേഖലയെന്നും തരംതിരിച്ച് കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, റോഡിന്റെ സാമീപ്യം, കെട്ടിടത്തിന്റെ പഴക്കം, കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ നിർമ്മാണ വസ്തുക്കളുടെ ഗുണമേന്മ, കെട്ടിടത്തിന്റെ ഉപയോഗം എന്നീ ഘടകങ്ങളെയും തറ വിസ്തീർണ്ണത്തെയും അടിസ്ഥാനമാക്കി കെട്ടിടത്തിന് നികുതി നിശ്ചയിക്കുന്ന രീതി ആവിഷ്ക്കരിച്ച് നടപ്പാക്കാനാണ് നടപടിയെടുത്തു വരുന്നത്.

## നഗരങ്ങളിൽ കൊലപാതകവും പിടിച്ചുപറിയും ഗുണ്ടാവിളയാട്ടവും വർദ്ധിച്ചുവരുന്നത് തടയാൻ നടപടി

7 (*304) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ കൊലപാതകവും പിടിച്ചുപറിയും ഗുണ്ടാവിളയാട്ടവും വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly